## NRA അപേക്ഷ സമർപ്പിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. അപേക്ഷ നിശ്ചിത മാതൃകയിലുള്ളതായിരിക്കണം (Form B1)
2. അപേക്ഷകന്റെ പേര്, Account Number, Date of joining in Service, Retirement Date എന്നിവ വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.
3. ആദ്യമായി NRA യ്ക്ക് അപേക്ഷ സമർപ്പിക്കുന്നവർ PF Account ൽ നിന്നും ഇതുവരെ TA/NRA എടുത്തിട്ടില്ല എന്ന ഒരു certificate, സ്ക്കൂൾ പ്രിൻസിപ്പലിന്റെ letter pad ൽ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.
4. അപേക്ഷയിലെ ഏഴാമത്തെ കോളത്തിൽ പണം പിൻവലിക്കുന്നതിനുള്ള കാരണം വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം.
5. ഒൻപതാമത്തെ കോളത്തിൽ എത്ര രൂപയാണ് പിൻവലിക്കാൻ ഉദ്ദേശിക്കുന്നത് എന്നത് അക്കത്തിലും അക്ഷരത്തിലും രേഖപ്പെടുത്തേണ്ടതാണ്.
6. ABC Statement ലെ Deposit column ൽ ഓരോ മാസത്തേയും Date of encashment, Gross Amount, Net Amount എന്നിവ രേഖപ്പെടുത്തിയിരിക്കണം. Deposit Column ലെ ഓരോ പേജും പ്രിൻസിപ്പൾ verify ചെയ്ത് ഒപ്പും സീലും പതിക്കേണ്ടതാണ്.
7. Deposit column ൽ അപേക്ഷകന്റെ പേരും അക്കൗണ്ട് നമ്പറും രേഖപ്പെടുത്തിയിരിക്കണം.
8. ABC statement ലെ B column ൽ last credit card issue ചെയ്യ്തതിനുശേഷം credit ചെയ്തിട്ടുള്ള DA arrear രേഖപ്പെടുത്തുമ്പോൾ ഓരോ Arrear amount കളും ഏതു ഗവൺമെന്റ് ഓഡർ പ്രകാരമാണുള്ളത് എന്ന് കൃത്യമായി രേഖപ്പെടുത്തിയിരിക്കണം.
9. ABC statement ലെ 'C' Column ൽ withdrawal details രേഖപ്പെടുത്തുമ്പോൾ ഇതുവരെ എടുത്തിട്ടുള്ള TA/NRAയുടെ order No., Date of drawal, purpose എന്നിവ രേഖപ്പെടുത്തിയിരിക്കണം.
10. അപേക്ഷയിൽ കാണിച്ചിരിക്കുന്ന തുകകൾ എല്ലാം തന്നെ പ്രിൻസിപ്പൽ സൂക്ഷ്മമായ പരിശോധനയ്ക്കു വിധേയമാക്കി ഒപ്പും സീലും രേഖപ്പെടുത്തിയ ശേഷം ബന്ധപ്പെട്ട RDDയ്ക്ക് സമർപ്പിക്കേണ്ടതാണ്.